

# പൊയ്യ
# മാർ അപ്രേം ഇടവക

മാർതോമാശ്ലീഹായാൽ സ്ഥാപിതവും ചരിത്രപ്രസിദ്ധവുമായ പറവൂർ (കോട്ടക്കാവ്) പള്ളി ഇടവകക്കാരായിരുന്നു പൊയ്യയിലെ ക്രിസ്ത്യാനികൾ. അക്കാലത്ത് ക്രിസ്ത്യാനികളുടെ പൊതുവായ ആവശ്യത്തിനായി ഓലമേഞ്ഞ ഒരു ചെറിയ ഷെഡ്ഡ് മാത്രമാണ് പൊയ്യയിൽ ഉണ്ടായിരുന്നത്. ആണ്ടുതോറും പറവൂർ നിന്ന് ബഹു. വികാരിയച്ചന്മാർ ഇവിടെവന്ന് തിരുക്കർമ്മങ്ങളോടുകൂടി വണക്കമാസത്തിരുന്നാൾ സാഘോഷം കൊണ്ടാടിയിരുന്നു. മേല്പറഞ്ഞ ഷെഡ്ഡ് ആശാൻ പള്ളിക്കൂടമായും ഉപയോഗിച്ചിരുന്നു.

## ദേവാലയം

അങ്ങനെയിരിക്കെ, പറവൂർ പള്ളിയിലേയ്ക്കുള്ള യാത്രാക്ലേശം ഒഴിവാക്കണമെങ്കിൽ പൊയ്യയിൽത്തന്നെ ഒരു പള്ളി പണിയേണ്ടത് അത്യാവശ്യമായിരുന്നു. പറവൂർ നെടുന്തള്ളി സ്വരൂപവുമായി ബന്ധപ്പെട്ടിരുന്ന പൊയ്യയിലെ അമ്പൂക്കൻ ലോന ഇട്ടീര എന്ന വ്യക്തി പള്ളിയ്ക്കുവേണ്ടി 1885-ൽ ജലഗതാഗത സൗകര്യമുള്ള സ്ഥലത്ത് ഒരു ഏക്കറോളം സ്ഥലം ദാനമായി നല്കി. തുടർന്ന് 1887 എടവമാസത്തിൽ ബഹു. തലക്കോട്ടൂർ കുരിയാക്കോസ് കത്തനാരുടെ നേതൃത്വത്തിൽ പള്ളിക്ക് തറക്കല്ലിട്ട് പണി ആരംഭിച്ചു. തൃശ്ശൂർ വികാരിയത്ത് രൂപീകൃതമാകുന്നതിന് തൊട്ടുമുമ്പുള്ള കാലഘട്ടത്തിൽ വരാപ്പുഴ അരമനയിൽ നിന്നാണ് അതിനുവേണ്ട അനുവാദം വാങ്ങിയത്. ഏറെത്താമസിയാതെ തൃശ്ശൂർ വികാരിയത്ത് നിലവിൽവന്നു. 5 കൊല്ലത്തെ ശ്രമഫലമായി 1892-ൽ പള്ളിപണി പൂർത്തിയാക്കി. 1893 മാർച്ച് 3-ന് ഞായറാഴ്ച തൃശ്ശൂർ വികാരി അപ്പസ്തോലിക്ക ആയിരുന്ന അഭിവന്ദ്യ അഡോൾഫ് മെഡ്ലിക്കോട്ട് മെത്രാൻ പള്ളി വെഞ്ചിരിച്ചു. സുറിയാനി സഭാപിതാവായിരുന്ന വി. അപ്രേമിന്റെ നാമധേയത്തിലായിരുന്നു, പള്ളി.

പള്ളിപണിയേയും, വെഞ്ചിരിപ്പുകർമ്മത്തെയും പറ്റിയുള്ള പുരാതനരേഖ ഇപ്രകാരമാണ്: "ശുദ്ധ: മാർ അപ്രേം പുണ്യവാളന്റെ നാമധേയത്തിൽ പൊയ്യ കരയിൽ അണ്ടിശ്ശേരിപ്പറമ്പിൽ പള്ളിപണിക്കായി 1887-ാം കാലം എടവമാസത്തിൽ കല്ലിട്ട് പണികൾ ആരംഭിച്ചു. 1892-ൽ പണി കുറവുതീർത്ത് 1893 കുംഭമാസം 3-ന് ഞായറാഴ്ച ട്രിച്ചൂർ വികാരി അപ്പസ്തോലിക്ക ആയ എ.പെ.പെ.ബഹു. മെദലിക്കോട്ട് മെത്രാനച്ചൻ അവർകളാൽ പള്ളി റൂശ്മാ ചെയ്യപ്പെട്ടു" (തെരട്ടുപുസ്തകം പേജ് 20-ൽ നിന്ന്). ക്രമേണ അനുവാദം ലഭിച്ചപ്പോൾ സിമിത്തേരിയും പണിതീർത്തു. 1953-ൽ അന്നത്തെ



പഴയ പള്ളി

വികാരിയായിരുന്ന ബഹു. പീയൂസ് തെക്കേക്കര അച്ചന്റെ നേതൃത്വത്തിൽ മദ്ബഹായോട് ചേർത്ത് ഒരു ഹാൾ (Wing) പണിത് പള്ളി സൗകര്യപ്രദമാക്കി.

## പള്ളിസ്ക്കൂൾ

1918 മുതൽ അമ്പൂക്കൻ കുഞ്ഞുവറീയ്ത് അപ്രേം പള്ളിയോട് ചേർന്നുള്ള തന്റെ സ്ഥലത്ത് ഒരു എൽ.പി. സ്ക്കൂൾ പണിത് നടത്തിക്കൊണ്ടുപോരുകയും 1947- ൽ ടി സ്ഥാപനം പള്ളിയ്ക്ക് ന്ലകുകയും ചെയ്തു.

## കോൺവെന്റുകൾ

പൊയ്യയിലെ അമ്പൂക്കൻ വക്കച്ചൻ ഇട്ടൂപ്പിന്റെ എ.കെ.എം. ഹൈസ്ക്കൂളിന് സമീപം ബഹു. സിസ്റ്റേഴ്സിന് താമസത്തിനുവേണ്ട സഹായങ്ങൾ ചെയ്തു കൊടുത്തതിനാൽ 1958-ൽ പൊയ്യയിൽ ഫാത്തിമ



എ.ഐ.എം. എൽ.പി. സ്ക്കൂൾ

മഠം സ്ഥാപിതമായി. ഇതിനോടനുബന്ധിച്ച് 1981-ൽ നിരാലംബരായ വൃദ്ധകൾക്കുവേണ്ടി ഒരു വൃദ്ധമന്ദിരം ആരംഭിച്ചു. 1982 മുതൽ ഒരു നഴ്സറി സ്ക്കൂളും ഇവിടെ പ്രവർത്തിക്കുന്നുണ്ട്.

## കപ്പേളകൾ

1928-ൽ മാഞ്ഞൂരാൻ പൗലോ തോമസ് നല്കിയ സ്ഥലത്ത് വി. കൊച്ചുത്രേസ്യയുടെ നാമധേയത്തിൽ പണിതതാണ് ആദ്യത്തെ കപ്പേള. 1955-ൽ അമ്പൂക്കൻ വക്കച്ചൻ അപ്രേം സ്വന്തം സ്ഥലത്ത് വി. വിൻസെന്റ്



ഫാത്തിമ എഫ്.സി.സി. മഠം



ഫാത്തിമഭവൻ - വൃദ്ധമന്ദിരം

ഡി പോളിന്റെ നാമധേയത്തിൽ ഒരു കപ്പേള പണിത് പള്ളിയെ ഏല്പിക്കുകയുണ്ടായി. 1966-ൽ അമ്പൂക്കൻ ഇട്ടീര കുഞ്ഞുവറീയ്തിന്റെ കുടുംബം പൊയ്യ നാലുവഴിയിൽ വി. ഗീവർഗീസിന്റെ നാമധേയത്തിൽ ഒരു കപ്പേള പണിയിച്ച് പള്ളിയെ ഏല്പിക്കുകയുണ്ടായി. പിന്നീട് ബഹു. ഡേവിസ് ചെങ്ങിനിയാടനച്ചന്റെ കാലഘട്ടത്തിൽ പള്ളിയുടെ മുൻഭാഗത്ത് ഗേറ്റിനരികെ രണ്ട് കപ്പേളകൾ പണികഴിപ്പിക്കുകയുണ്ടായി.



സെന്റ് ജോസഫ് കപ്പേള



വി.ചെറുപുഷ്പം കപ്പേള



വി.വിൻസെന്റ് ഡി പോളിന്റെ
കപ്പേള



വി.ഗീവർഗീസിന്റെ
കപ്പേള

## നവീന ദേവാലയം, വൈദികമന്ദിരം

പള്ളിയുടെ ശതാബ്ദിയാഘോഷ വേളയിൽ ഇപ്പോഴത്തെ മെയിൻ റോഡിന് സമീപമുള്ള ഈ സ്ഥലത്ത് അന്നത്തെ വികാരി ബഹു. പോൾ എ. അമ്പൂക്കച്ചനച്ചന്റെ നേതൃത്വത്തിൽ 1994-ൽ അടിസ്ഥാനശില സ്ഥാപിച്ചു. പുതിയ പള്ളിയുടെ പണിപൂർത്തിയായപ്പോൾ 1995 ഫെബ്രുവരി 1-ന് അഭിവന്ദ്യ ജെയിംസ് പഴയാറ്റിൽ പിതാവ് കൂദാശാകർമ്മം നിർവ്വഹിച്ചു. പുതിയ വൈദികമന്ദിരത്തിന്റെ വെഞ്ചിരിപ്പുകർമ്മം 04.01.1996-ൽ പിതാവാണ് നടത്തിയത്.

## മതബോധന ഹാൾ

ആദ്യകാലങ്ങളിൽ പള്ളിയോടുചേർന്നുള്ള



വൈദിക മന്ദിരം

സ്ക്കൂളിലാണ് മതബോധന ക്ലാസ്സുകൾ നടത്തിയിരുന്നത്. പുതിയ പള്ളി മെയിൻ റോഡിനു സമീപം സ്ഥാപിതമായ സാഹചര്യത്തിൽ പള്ളിയോടനുബന്ധിച്ച് സൗകര്യാർത്ഥം പുതിയ കെട്ടിടം വേണ്ടിയിരുന്നു. പള്ളിയുടെ കൂദാശാകർമ്മത്തിനുശേഷം വികാരിയായി വന്ന ബഹു. ഡേവിസ് ചെങ്ങിനിയാടൻ അച്ചന്റെ നേതൃത്വത്തിലാണ് മതബോധനഹാൾ പണിത് സജ്ജമാക്കി വെഞ്ചിരിച്ചത്.

## ഇടവക ഇന്ന്

ഇടവകയിലെ കുടുംബങ്ങളെ സെന്റ് സെബാസ്റ്റ്യൻ, സെന്റ് ജോസഫ്, ലിറ്റിൽ ഫ്ളവർ, സെന്റ് ജോർജ്ജ് എന്നിങ്ങനെ നാലു യൂണിറ്റുകളിലായി തിരിച്ച് കുടുംബസമ്മേളനങ്ങൾക്ക് രൂപംനല്കി ഭംഗിയായി പ്രവർത്തിക്കുന്നു. ഇപ്പോൾ ആകെ 185 കുടുംബങ്ങളും 819 വിശ്വാസികളും അടങ്ങുന്നതാണ് പൊയ്യ ഇടവകസമൂഹം.



മതബോധനഹാൾ

ഈ ഇടവകാതിർത്തിയിൽ കോട്ടപ്പുറം ലത്തീൻ രൂപതയുടെ അധികാരസീമയിൽപ്പെട്ട കൃഷ്ണൻകോട്ട, പൊയ്യ കമ്പനിപ്പടി, മണലിക്കാട് എന്നീ സ്ഥലങ്ങളിൽ ദേവാലയങ്ങളും ഒരു കോൺവെന്റും ഒരു കപ്പൂച്ചിൻ ആശ്രമവും ഒരു മൈനർ സെമിനാരിയും നിലവിലുണ്ട്. കൂടാതെ, എ.കെ.എം. ഹൈസ്ക്കൂളും പൊതുസേവനത്തിനായുള്ള വിവിധ സ്ഥാപനങ്ങളും പ്രവർത്തിക്കുന്നു.



സ്റ്റേജ്